ഗവ: ഡബ്ല്യു.യു.പി.എസ് അമ്പലപ്പുറം
ഇ.റ്റി.സി പോസ്റ്റ് കൊട്ടാരക്കര കൊല്ലം ജില്ല



# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026



# I. ആമുഖം

കൊട്ടാരക്കര നഗരസഭയിലെ പത്തൊമ്പതാം ഡിവിഷനിൽ അമ്പലപ്പുറം ഗ്രാമത്തിന്റെ ഹൃദയഭാഗത്തായാണ് അമ്പലപ്പുറം ഗവ: വെൽഫെയർ യു.പി.സ്കൂൾ സ്ഥിതിചെയ്യുന്നത്. ഗ്രാമീണഭംഗിയിൽ മുങ്ങി നിൽക്കുന്ന ശാന്തസുന്ദരമായ ഈ പ്രദേശത്തെ ഭൂരിഭാഗം ആളുകളും സാധാരണക്കാരാണ്. സമൂഹത്തിലെ വ്യത്യസ്ത ജാതിമതങ്ങളിൽപ്പെട്ട ജനങ്ങൾ ഏകോദര സഹോദരങ്ങളെപ്പോലെ ഇവിടെ ജീവിക്കുന്നു.

സ്കൂളിന്റെ മുൻവശത്തായി ശ്രീ ഗൗരീ ശങ്കരക്ഷേത്രം സ്ഥിതിചെയ്യുന്നു. വേലുത്തമ്പി മെമ്മോറിയൽ ഹൈസ്കൂൾ സ്കൂളിനടുത്തായാണ് സ്ഥിതിചെയ്യുന്നത്. ഹോമിയോ ഡിസ്പൻസറി, പ്രാഥമികാരോഗ്യ ഉപകേന്ദ്രം, 110 കെ.വി സബ് സ്റ്റേഷൻ, മൃഗാശുപത്രി തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളും സ്കൂളിന്റെ തൊട്ടടുത്തായുണ്ട്.

മികച്ച അക്കാദമിക പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഉപജില്ലയിലെ ഏറ്റവും മികച്ച സ്കൂളിനുള്ള സർവ്വശിക്ഷാ അഭിയാൻ 'മികവ്' പുരസ്കാരവും ഉപജില്ലാ ഗണിതമേളയിലും കായികമേളയിലും ചാമ്പ്യൻഷിപ്പും ഉൾപ്പെടെ നിരവധി നേട്ടങ്ങൾ കരസ്ഥമാക്കിയ ഈ വിദ്യാലയത്തിൽ വിദ്യ അഭ്യസിക്കാനായി എത്തിച്ചേരുന്ന ഏതൊരു കുരുന്നും വിജ്ഞാനവും മൂല്യങ്ങളും സർഗ്ഗാത്മക കഴിവുകളും പൂർണ്ണമായി ആർജ്ജിക്കുകയും അവരുടെ കഴിവുകളുടെ സർവ്വതോമുഖമായ വികാസം പൂർണ്ണമായും നേടുകയും ചെയ്യും.

അക്കാദമിക പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്നുവെങ്കിലും ഭൗതിക സൗകര്യങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വിദ്യാലയത്തിന് ഉണ്ടാകേണ്ടിയിരിക്കുന്നു. ആസൂത്രിതമായ മികച്ച പ്രവർത്തനങ്ങളിലൂടെ മാത്രമേ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കി മാറ്റാൻ കഴിയൂ. വിദ്യാലയത്തിന്റെ ശ്രേയസ്കരമായ ഭാവി ഉറപ്പാക്കുന്നതിന് സമൂഹത്തിന്റെയും വിദ്യാഭ്യാസ പിന്തുണാ സംവിധാനങ്ങളുടെയും കൂടുതൽ പങ്കാളിത്തവും സഹായവും ആവശ്യമാണ്. അതിനായി നാം ഏറ്റെടുക്കേണ്ട ദൗത്യങ്ങളുടെ രൂപകല്പനയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളുടെ പരിപോഷണത്തിനും നിർവ്വഹണത്തിലും ഏവരുടെയും നിർദ്ദേശങ്ങളും പങ്കാളിത്തവും പിന്തുണയും സഹായവും പ്രതീക്ഷിച്ചുകൊണ്ട് 'അമ്പലപ്പുറം ഗവ: വെൽഫെയർ യു.പി.സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ' പൊതുജനങ്ങൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | ഗവ: ഡബ്ല്യു.യു.പി.എസ് അമ്പലപ്പുറം |
| മേൽവിലാസം | - | ഈ. റ്റി. സി പോസ്റ്റ്, കൊട്ടാരക്കര, കൊല്ലം ജില്ല, പിൻ 691531 |
| ഫോൺ | - | 0474-2452373 , 9497780948 |
| ഇ-മെയിൽ | - | gwupsampalappuram@gmail.com |
| സ്കൂൾ കോഡ് | - | 39252 |
| വിദ്യാഭ്യാസ ഉപജില്ല | - | കൊട്ടാരക്കര |
| വിദ്യാഭ്യാസ ജില്ല | - | കൊട്ടാരക്കര |
| റവന്യൂ ജില്ല | - | കൊല്ലം |
| ബി.ആർ.സി | - | കൊട്ടാരക്കര |
| സി. ആർ.സി | - | കൊട്ടാരക്കര |
| മുനിസിപ്പാലിറ്റി | - | കൊട്ടാരക്കര |
| ഡിവിഷൻ | - | 19, ആലുംപാറ |
| വില്ലേജ് | - | കൊട്ടാരക്കര |
| താലൂക്ക് | - | കൊട്ടാരക്കര |
| ബ്ലോക്ക് പഞ്ചായത്ത് | - | കൊട്ടാരക്കര |
| ജില്ലാ പഞ്ചായത്ത് | - | കൊല്ലം |
| നിയമസഭാ മണ്ഡലം | - | കൊട്ടാരക്കര |
| ലോകസഭാമണ്ഡലം | - | മാവേലിക്കര |

# II.പൊതു ലക്ഷ്യങ്ങൾ

പ്രൈമറി തലത്തിൽ വച്ചുതന്നെ എല്ലാ കുട്ടികളും എഴുത്തിലും വായനയിലും പ്രാവീണ്യമുള്ളവരായിത്തീരുക.

പ്രീസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീമായി പുനരാവിഷ്കരിക്കുക

അടിസ്ഥാന ഗണിതക്രിയകൾ ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുക

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക

കുട്ടികളിൽ ശാസ്ത്രീയ മനോഭാവം, ശാസ്ത്രാഭിരുചി എന്നിവ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുക

കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.

പ്ലാസ്റ്റിക് മുക്ത ലഹരിവിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക

പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക

സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്കരിക്കുക

മൂല്യാധിഷ്ഠിതവിദ്യാഭ്യാസം ഉറപ്പുവരുത്തുക.

പഠനരീതി ശിശുകേന്ദ്രീകൃതമാക്കുക

സാമൂഹ്യരംഗത്തെ ധാരണ,പരിസ്ഥിതിജ്ഞാനം,നിരീക്ഷണപാടവം തുടങ്ങിയവ കുട്ടി കൈവരിക്കുക.

എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാഷകളിലും പരിജ്ഞാനവും ആശയവിനിമയശേഷിയും നേടുക

വിദ്യാർത്ഥികൾക്ക് കൗൺസിലിങ് സൗകര്യം ഒരുക്കുക

സ്കൂളിൽ കാലോചിതമായ വികസനം നടപ്പിലാക്കുക.

പ്രകൃതിപഠനത്തിനുള്ള സാഹചര്യം ഒരുക്കുക

എല്ലാ ക്ലാസ്സ് റൂമും ഹൈ-ടെക് ആക്കുക.

രക്ഷാകർത്തൃ വിദ്യാഭ്യാസം നൽകുക.

'കാമ്പസ് തന്നെ പാഠപുസ്തകം' എന്നആശയം സാക്ഷാത്കരിക്കുക.

കലാ- കായിക- പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നല്കുക .

ജനാധിപത്യ മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ മികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക

അക്കാദമിക മികവിന് ഉപകരിക്കും വിധം ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക

പ്രീ-പ്രൈമറി മുതൽ ഏഴാം ക്ലാസ്സുവരെ ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും നേടേണ്ട ശേഷികൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പിലാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക

അദ്ധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിനുപകരിക്കുന്ന വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക

# III. വിദ്യാലയത്തിന്റെ ലഘുചരിത്രം

കൊട്ടാരക്കര മുനിസിപ്പാലിറ്റിയുടെ 19- ആലുംപാറ വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം 1950 ൽ ഒരു ലോവർ പ്രൈമറി സ്കൂളായാണ് പ്രവർത്തനമാരംഭിച്ചത്. അക്കാലത്തെ നാട്ടിലെ പൗരപ്രമുഖർ നിരവധിപ്പേർ സ്കൂൾ സ്ഥാപിക്കുന്നതിനും അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും ഒത്തൊരുമിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അമ്പലപ്പുറം ജംഗ്ഷനോടു ചേർന്നുള്ള പുരയിടത്തിൽ ഓലമേഞ്ഞ ഒരു ഷെഡ്ഡിലായിരുന്നു ആരംഭകാലത്ത് വിദ്യാലയം പ്രവർത്തിച്ചിരുന്നത്.

ശ്രീ.മടവൂർ ബാലകൃഷ്ണപിള്ള സാറാണ് ആദ്യത്തെ പ്രഥമാദ്ധ്യാപകൻ. സർവ്വശ്രീ തെക്കടത്തു സുമതിയമ്മ ടീച്ചർ കുന്നത്തുപാപ്പൻ സാർ , ബാലകൃഷ്ണപിള്ള സാർ, ദേവരാജൻ സാർ, പട്ടോന്നിൽ സുമതി ടീച്ചർ സരസ്വതിയമ്മ ടീച്ചർ എന്നിവരായിരുന്നു ആദ്യകാല അദ്ധ്യാപകർ.

സ്കൂളിനെ 1999ൽ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തി. 2011-12 വർഷമാണ് സ്കൂളിൽ പ്രീ-പ്രൈമറി വിഭാഗം ആരംഭിച്ചത്. ഓരോ ക്ലാസ്സിലും നിരവധി ഡിവിഷനുകൾ ഉണ്ടായിരുന്ന ഒരു പൂർവ്വകാലം സ്കൂളിനുണ്ടായിരുന്നു.

നാട്ടിലും വിദേശത്തും ഉന്നതനിലകളിൽ ജോലിചെയ്തുവരുന്നവരും വിരമിച്ചവരുമായ നിരവധി പേരെ സംഭാവനചെയ്യാൻ ഈ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്. മുൻവർഷം കൊട്ടാരക്കര ഉപജില്ലയിലെ ഏറ്റവും മികച്ച സ്കൂളിനുള്ള, സർവ്വശിക്ഷാ അഭിയാൻ മികവ് പുരസ്കാരം നേടാനും നമുക്ക് കഴിഞ്ഞു.

പ്രീ-പ്രൈമറി ക്ലാസ്സ് ആരംഭിച്ച വർഷം 1989
ഉത്തരവ് നം. G.O (Rt) 465/88 G.Edn. dt. 6.2.1988.

# IV. വിദ്യാലയം മികവിന്റെകേന്ദ്രം- കാഴ്ചപ്പാട്

1. പാഠ്യ- പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കൽ

2. ശുചിത്വം, സഹിഷ്ണുത, സഹജീവികളോടുള്ള അനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ

3. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക ശ്രദ്ധയും പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ

4. ഓരോ ക്ലാസ്സിലെയും കുട്ടികൾ ലോകമെങ്ങുമുള്ള സമപ്രായക്കാരായ കുട്ടികൾ ആർജ്ജിക്കുന്നതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ആർജ്ജിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ

5. പരിസ്ഥിതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്ന് ബോധ്യപ്പെടുത്തുന്നതിനും സുസ്ഥിരവികസനം സാധ്യമാക്കുന്നതിന് കുട്ടിയെ പ്രാപ്തനാക്കുന്നതിനുമുള്ള വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

6. 'സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് വിദ്യാഭ്യാസം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള ഇടമായി വിദ്യാലയത്തെ രൂപപ്പെടുത്തൽ

7. ലോകത്തെ പുതുതായി നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള അവസരം കുട്ടിക്ക് ഒരുക്കിക്കൊടുക്കൽ

8. ബൗദ്ധിക തലത്തിലും പ്രക്രിയാതലത്തിലും മനോഭാവങ്ങളുടെയും മൂല്യങ്ങളുടെയും തലത്തിലും പഠിതാവ് എത്തിച്ചേരേണ്ട പഠനനേട്ടങ്ങൾക്ക് ഊന്നൽ കൊടുക്കൽ

9. സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം എന്നതുപോലെ എല്ലാ കുട്ടികളുടെയും പഠനനേട്ടം ഉറപ്പാക്കുക എന്നതിനും പ്രാധാന്യം നൽകൽ.

10. ശ്രേഷ്ഠഭാഷ എന്ന നിലയിലും മാതൃഭാഷ എന്ന നിലയിലും മലയാളഭാഷാ പഠനത്തിന് പ്രത്യേക പ്രാധാന്യം നല്കൽ

# V. പദ്ധതി രൂപീകരണ പ്രക്രിയ

1. എസ്.ആർ.ജി.യോഗത്തിൽ മികവിന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കലും ചർച്ചയും

2. വികസന ആവശ്യങ്ങളെ ക്ലാസ്സ്, ഡിവിഷൻ അടിസ്ഥാനത്തിൽ അക്കാദമികം , ഭൗതികം, സാമൂഹികം എന്നിങ്ങനെ തരം തിരിച്ച് കരടു രൂപരേഖ തയ്യാറാക്കൽ

3. കരടു രൂപരേഖ എസ്.ആർ.ജി, എസ്.എം.സി, എം.പി.ടി.എ, ഒ.എസ്.എ, എസ്.ഡി.സി, രാഷ്ട്രീയ സംഘടനകൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ

4. എസ്.എം.സി നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

# VIII. പദ്ധതി വിശദാംശങ്ങൾ

## A. അക്കാദമികം

മേഖല : A. അക്കാദമികം

ഉപമേഖല : മലയാളം

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം മാതൃകാ പരിപാടി) | • പ്രീ-ടെസ്റ്റ്<br>• അക്ഷരമുറപ്പിക്കൽ<br>• വാക്കുകൾ എഴുതൽ (കാർഡുപയോഗിച്ച്)<br>• അക്ഷരക്കാർഡ് നൽകൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• കഥയുടെ ബാക്കിയെഴുതൽ<br>• കഥാപുസ്തകം നൽകൽ<br>• സി.ഡിയിൽ ചിത്രം കാണിച്ച് വാക്യം നിർമ്മിക്കൽ<br>• പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് ക്ലാസ്സ്<br>• പോസ്റ്റ് ടെസ്റ്റ് | ഒരു വർഷം | മലയാളം അദ്ധ്യാപകർ | | |
| 2 | സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാ സാമഗ്രികളുടെ നിർമ്മാണം | ശില്പശാല, കഥയരങ്ങ്,കവിയരങ്ങ്, രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ<br>രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ഉല്പന്നങ്ങളായി ഉപയോഗിക്കൽ | നാലു മാസത്തിലൊരിക്കൽ | വിദ്യാരംഗം കലാ സാഹിത്യവേദി, എസ്. ആർ.ജി | സ്പോൺസർഷിപ്പ് | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | വിവിധ ഭാഷാ ശേഷികളുടെ വികസനം | ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | സന്ദർഭാനുസരണം | എസ്. ആർ.ജി | | |
| 4 | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ<br>പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ<br>സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ ശാസ്ത്രീയമാക്കൽ.<br>പുസ്തകവിതരണം, വായനാ കുറിപ്പ്, ചർച്ച | 2018 ജൂൺ 5-15 | ലൈബ്രറി ചുമതലയുള്ള അധ്യാപിക, കുട്ടികൾ | | |
| 5 | എല്ലാ കുട്ടികൾക്കും എഴുത്തും വായനയും അറിയുക | ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനാ മൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>പത്രവായന, അമ്മവായന<br>വായനക്കുറിപ്പ്<br>വായനാ അനുഭവം പങ്കുവയ്ക്കൽ<br>ദിനാചരണങ്ങൾ<br>വായനാകാർഡ് | 2018 ജൂൺ 19-30 | മലയാളം അധ്യാപകർ, കുട്ടികൾ | | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായനാമൂല, ക്ലാസ്സ് ലൈബ്രറി എന്നിവ രൂപീകരിക്കൽ<br>• സ്കൂൾലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാലാ അംഗത്വം<br>• വായനനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന<br>• പുസ്തക പർച്ച<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• പത്രക്കുറിപ്പ്, പതിപ്പ്<br>• സ്കൂൾ സഭ<br>• ദിനാചരണങ്ങൾ<br>• അഭിമുഖം<br>• ഇ- വായന | 6 മാസം | അദ്ധ്യാപകർ, എസ്.ആർ.ജി | ടി.എൽ.എം ഗ്രാന്റ് | |
| 2 | • സ്വയം വിലയിരുത്തുവാനും മറ്റുള്ളവരെ വിലയിരുത്തുവാനുമുള്ള ശേഷി ഓരോ കുട്ടിയും നേടിയെടുക്കുക<br>• ഭിന്നശേഷിക്കാരെ പരിഗണിക്കുക | **Story time**<br>പാഠഭാഗവുമായി ബന്ധപ്പെട്ട കഥാ ഭാഗങ്ങൾ കണ്ടെത്തുക<br>അവതരണത്തിൽ വ്യത്യസ്ത തന്ത്രങ്ങൾ കണ്ടെത്തുന്നു<br><br>(നാടകീകരണം, സംഭാഷണരൂപത്തിൽ അവതരണം )<br>അവതരണത്തിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തൽ | മാസത്തിലൊരിക്കൽ | അദ്ധ്യാപകർ, കുട്ടികൾ | | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി എല്ലാ കുട്ടികളും നേടിയെടുക്കൽ | **English Assembly**<br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേയായി ആചരിക്കുന്നു.<br>ആ ദിവസം നടത്തുന്ന ഇംഗ്ലീഷ് അസംബ്ലിയിൽ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽതന്നെ അവതരിപ്പിക്കുന്നു.<br>അദ്ധ്യാപകർ സന്ദേശങ്ങളും ഇംഗ്ലീഷിൽതന്നെ നൽകുന്നു | വർഷം മുഴുവനും | HM അദ്ധ്യാപകർ, എസ്.ആർ.ജി, കുട്ടികൾ | | |
| 4 | ഇംഗ്ലീഷ് തെറ്റില്ലാതെ അനായാസം എഴുതാനുള്ള ശേഷി കൈവരിക്കൽ | **English Diary**<br>ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം English Diary യിൽ എഴുതുക | ആഴ്ചയിൽ അഞ്ചുദിവസം | അദ്ധ്യാപകർ, കുട്ടികൾ | | |
| 5 | ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | **English Bulletin**<br>ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | മാസത്തിലൊരിക്കൽ | HM അദ്ധ്യാപകർ, എസ്.ആർ.ജി, കുട്ടികൾ | | |
| 6 | വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്കെത്തിക്കൽനടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | **English Fest**<br>സ്കൂൾതല ഇംഗ്ലീഷ്ഫെസ്റ്റ് സംഘടിപ്പിക്കൽ പ്രവർത്തനങ്ങളും മത്സരങ്ങളും ഇംഗ്ലീഷിൽ | 3 ദിവസം | SMC, HM അദ്ധ്യാപകർ, | | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 7 | ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | **English Letter writing**<br>സ്കൂളിലെ ഒരു മാസത്തെ പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റു സ്കൂളിലെ കുട്ടികളുമായി ഇംഗ്ലീഷിലുള്ള കത്തിലൂടെ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപകർ | | |
| 8 | English Vocabulary Development | **English Dictionary**<br>പാഠഭാഗത്തുനിന്നും മറ്റുള്ള പ്രസിദ്ധീകരണങ്ങളിൽ നിന്നും വാക്കുകൾ കണ്ടെത്തി ഓരോ കുട്ടിയും സ്വന്തമായി Dictionary നിർമിക്കുന്നു. വർഷാവസാനം സ്കൂളിൽ പ്രദർശിപ്പിക്കുന്നു. സമ്മാനങ്ങൾ നല്കുന്നു | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് അദ്ധ്യാപകർ | | |
| 9 | നാടകാവതരണം, കൊളാഷ്, മാഗസിൻ നിർമ്മാണം തുടങ്ങിയ വ്യവഹാര രൂപങ്ങളിൽ പങ്കെടുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള അവസരം ഒരുക്കൽ | ● നാടകാവതരണം<br>പാഠഭാഗങ്ങൾ നാടകരൂപത്തിലാക്കി ഉചിതമായ തയ്യാറെടുപ്പുകളോടുകൂടി പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം ഒരുക്കൽ<br>● **കൊളാഷ് നിർമാണം** - ക്ലാസ്സ് അടിസ്ഥാനത്തിൽ<br>● **ഇംഗ്ലീഷ് മാഗസിൻ നിർമ്മാണം** -<br>ക്ലാസ്സടിസ്ഥാനത്തിൽ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അദ്ധ്യാപകർ, എസ്.ആർ.ജി | റ്റി.എൽ.എം ഗ്രാന്റ് | |

മേഖല : അക്കാദമികം                                        ഉപമേഖല : ഹിന്ദി

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഹിന്ദി അക്ഷരമുറപ്പിക്കൽ | • അക്ഷരക്കാർഡ്<br>• അക്ഷരമുറപ്പിക്കുന്നതിനുള്ള കമ്പ്യൂട്ടർ ഗെയിമുകൾ<br>• അക്ഷരം ആവർത്തിച്ചുവരുന്ന കഥകൾ, കവിതകൾ | 3 മാസം | അദ്ധ്യാപകർ, എസ്.ആർ.ജി | | |
| 2 | കുട്ടികളെ ഹിന്ദി തെറ്റുകൂടാതെ വായിക്കാൻ പ്രാപ്തരാക്കുക | ലൈബ്രറി<br>• വായനാമൂല, ക്ലാസ്സ് ലൈബ്രറി എന്നിവ ഒരുക്കൽ<br>• സ്കൂൾലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ സജ്ജീകരിക്കൽ<br>• പാഠപുസ്തക വായന<br>• ഇ- വായന | വർഷം മുഴുവൻ | അദ്ധ്യാപകർ, എസ്.ആർ.ജി | | |
| 3 | കുട്ടികളെ ഹിന്ദി അക്ഷരത്തെറ്റുകൂടാതെ എഴുതാൻ പ്രാപ്തരാക്കുക | • പകർത്തെഴുത്ത്<br>• കത്ത്, പോസ്റ്റർ എന്നിവ തയ്യാറാക്കൽ<br>• ഡയറി എഴുത്ത് | വർഷം മുഴുവൻ | അദ്ധ്യാപകർ, എസ്.ആർ.ജി | | |
| 4 | ഹിന്ദി പദങ്ങളുടെ അർത്ഥം കണ്ടെത്താൻ പ്രാപ്തരാക്കുക | ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികളെ ഗ്രൂപ്പുകളാക്കി ശബ്ദകോശനിർമാണം | 6 മാസം | അദ്ധ്യാപകർ, എസ്.ആർ.ജി | | |

മേഖല : അക്കാദമികം

ഉപമേഖല : സാമൂഹ്യശാസ്ത്രം

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ സാമൂഹ്യശാസ്ത്രാവബോധം കുട്ടികളിൽ വളർത്തിയെടുക്കുക | • പഠനയാത്ര<br>• ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളുള്ള സ്ഥലങ്ങൾ തെരഞ്ഞെടുക്കൽ (അമ്മച്ചിപ്ലാവ്, പദ്മനാഭപുരം കൊട്ടാരം, അരുവിപ്പുറം ക്ഷേത്രം മുതലായവ)<br>• വാഹനസൗകര്യം ഏർപ്പെടുത്തൽ<br>• വിവരശേഖരണത്തിനും പഠനത്തിനും വേണ്ട തയ്യാറെടുപ്പോടെ യാത്ര നടത്തൽ<br>• വിവരശേഖരണം- ക്രമപ്പെടുത്തൽ<br>• പഠനാവശ്യങ്ങൾക്കുപയോഗപ്പെടുത്തൽ | 2018 ഡിസംബർ 2019 ജനുവരി | അദ്ധ്യാപകർ എസ്.ആർ.ജി എസ്.എം.സി | കുട്ടികളുടെ രക്ഷിതാക്കളിൽ നിന്ന് | |
| 2 | ചരിത്രപരമായ സാമൂഹ്യശാസ്ത്രാവബോധം കുട്ടികളിൽ വളർത്തിയെടുക്കുക | • സംവാദം<br>• പാഠഭാഗവുമായി ബന്ധപ്പെട്ടതോ സാമൂഹ്യ പ്രസക്തിയുള്ളതോ ആയ വിഷയങ്ങളിന്മേൽ കുട്ടികൾ ഗ്രൂപ്പുകളായി സംവാദങ്ങൾ നടത്തൽ | ടേമിൽ ഒന്നുവീതം | സാമൂഹ്യശാസ്ത്രാദ്ധ്യാപകർ. കുട്ടികൾ | | |
| 3 | മുൻകാലഘട്ടങ്ങളിലെ മനുഷ്യജീവിതവും സാംസ്കാരവുമായി ബന്ധപ്പെട്ട വസ്തുക്കൾ, നാണയങ്ങൾ മുതലായവയെക്കുറിച്ച് ധാരണ മെച്ചപ്പെടുത്തൽ | • സാമൂഹ്യശാസ്ത്രപ്രദർശനവും മേളയും<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കൾ ഉപകരണങ്ങൾ, പുരാവസ്തുക്കൾ, നാണയങ്ങൾ എന്നിവ ശേഖരിച്ച് പ്രദർശിപ്പിക്കൽ | ഓഗസ്റ്റ് 2018 | സാമൂഹ്യശാസ്ത്രാദ്ധ്യാപകർ. കുട്ടികൾ എസ്.ആർ.ജി എസ്.എം.സി | | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 4 | ഭൂമിശാസ്ത്രപരമായ അവബോധം കുട്ടികളിൽ വളർത്തിയെടുക്കുക | **• ചുറ്റുമതിൽ ഒരു പഠനോപാധി**<br>• സ്കൂൾചുറ്റുമതിലിൽ ഇന്ത്യയുടെയും കേരളത്തിന്റെയും ഭൂപടം വരയ്ക്കൽ<br>• ഓരോ ദിവസത്തെയും പത്രം വായിച്ച് പ്രാധാന്യമർഹിക്കുന്ന സംഭവങ്ങൾ നടന്ന സ്ഥലങ്ങൾ കണ്ടെത്തി സംഭവങ്ങളെക്കുറിച്ച് ഭൂപടങ്ങളിൽ രേഖപ്പെടുത്തുക | വർഷം മുഴുവൻ | അദ്ധ്യാപകർ, കുട്ടികൾ | സ്കൂൾഗ്രാന്റ് | |
| 5 | പ്രപഞ്ച വിജ്ഞാനം വർദ്ധിപ്പിക്കുക | **•I.C.T**<br>• കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സഹായത്തോടെയുള്ള ജ്യോതിശാസ്ത്ര പഠനം | അതാതുയൂണിറ്റുകളുമായി ബന്ധപ്പെട്ട് | അദ്ധ്യാപകർ, കുട്ടികൾ | സ്കൂൾഗ്രാന്റ് | |
| 6 | വ്യവസായം, തൊഴിലുകൾ എന്നിവയെക്കുറിച്ചുള്ള അവബോധം വളർത്തൽ | **• തൊഴിൽശാല സന്ദർശനം**<br>കൈത്തറി നെയ്ത്തുശാല, ഹോളോബ്രിക്സ് നിർമാണകേന്ദ്രം,കശുവണ്ടിഫാക്റ്ററി അച്ചടികേന്ദ്രം എന്നിവ സന്ദർശിച്ച് പ്രവർത്തനങ്ങളു തൊഴിലുകളും മനസ്സിലാക്കുക | ടേമിൽ ഒന്നുവീതം | സാമൂഹ്യശാസ്ത്രാദ്ധ്യാപകർ, കുട്ടികൾ എസ്.ആർ.ജി എസ്.എം.സി | കുട്ടികളുടെ രക്ഷിതാക്കളിൽ നിന്ന് | |
| 7 | സാമൂഹ്യശാസ്ത്രാവബോധം കുട്ടികളിൽ വളർത്തിയെടുക്കുക | **• നിർമാണപ്രവർത്തനം**<br>സാമൂഹ്യശാസ്ത്രപഠനവുമായി ബന്ധപ്പെട്ട മാതൃകകൾ, ചരിത്രശേഷിപ്പുകളുമായി ബന്ധപ്പെട്ട ശേഖരങ്ങൾ എന്നിവയുടെ ആൽബങ്ങൾ നിർമ്മിക്കൽ - ഓരോ കുട്ടിയും ഒരു ആൽബമെങ്കിലും നിർമ്മിക്കണം | ടേമിൽ ഒന്നുവീതം | സാമൂഹ്യശാസ്ത്രാദ്ധ്യാപകർ, കുട്ടികൾ എസ്.ആർ.ജി എസ്.എം.സി | കുട്ടികളുടെ രക്ഷിതാക്കളിൽ നിന്ന് | |

മേഖല : അക്കാദമികം

ഉപമേഖല : അടിസ്ഥാനശാസ്ത്രം

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം,യുക്തി ചിന്ത എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക | ●**ശാസ്ത്ര സംവാദം**<br>●പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ കുട്ടികൾ ഗ്രൂപ്പുകളായി സംവാദങ്ങൾ നടത്തൽ<br>●വിഷയാവതരണം<br>●ഗ്രൂപ്പാക്കൽ<br>● വിവരശേഖരണം<br>●വിവരശേഖരം- ക്രമപ്പെടുത്തൽ<br>●ക്ലാസ്സ്തല സംവാദം<br>●റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കൽ | എല്ലാ ടേമിലും യു.പി.ക്ലാസ്സുകളിൽ ഒന്നുവീതം | ശാസ്ത്രാദ്ധ്യാപകർ എസ്.ആർ.ജി | ആവശ്യമില്ല | |
| 1 | അന്വേഷണാത്മകപഠനം സംഘപഠനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് | ●**ശാസ്ത്രസഹവാസ ക്യാമ്പ്**<br>●മൊഡ്യൂൾ നിർമാണം<br>●മൊഡ്യൂൾ പ്രകാരമുള്ള ക്ലാസ്സുകൾ, പ്രവർത്തനങ്ങൾ, [illegible]<br>●ത്രിദിന ക്യാമ്പിനുള്ള മറ്റു തയ്യാറെടുപ്പുകൾ (സ്ഥലം, [illegible])<br>● ത്രിദിന ക്യാമ്പ് പ്രവർത്തനങ്ങൾ<br>●റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കൽ ●സമാപനം | ക്രിസ്തുമസ് അവധിക്കാലത്ത് | ശാസ്ത്രാദ്ധ്യാപകർ എസ്.ആർ.ജി എസ്.എം.സി | എസ്.എം.സി | |

| ക്രമ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 2 | ശാസ്ത്രാശയങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിന് | ● **ശാസ്ത്രസെമിനാർ**<br>● പാഠഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ കുട്ടികൾ ഗ്രൂപ്പുകളായി സെമിനാറുകൾ നടത്തൽ<br>● വിഷയാവതരണം<br>● വിവരശേഖരണം<br>● പ്രബന്ധം തയ്യാറാക്കൽ<br>● പ്രബന്ധങ്ങൾ സെമിനാറിൽ അവതരിപ്പിക്കൽ<br>● ചർച്ച<br>● ക്രോഡീകരണം<br>● റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കൽ | ടേമിൽ ഒന്നുവീതം | സാമൂഹ്യശാസ്ത്രാദ്ധ്യാപകർ, കുട്ടികൾ | | |
| 3 | ● പാഠഭാഗങ്ങളിലെ ആശയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളെയും സംവിധാനങ്ങളെയും കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തൽ | ● **ശാസ്ത്രപ്രദർശനവും മേളയും**<br>● പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കൾ ഉപകരണങ്ങൾ, ചിത്രങ്ങൾ, മാതൃകകൾ എന്നിവ നിർമ്മിച്ചും ശേഖരിച്ചും പ്രദർശിപ്പിക്കൽ | ഒക്ടോബർ 2018 | ശാസ്ത്രാദ്ധ്യാപകർ, കുട്ടികൾ എസ്.ആർ.ജി എസ്.എം.സി | എസ്.എം.സി | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
| --- | --- | --- | --- | --- | --- | --- |
| 4 | പരിസ്ഥിതി പാഠങ്ങൾ നേരനുഭവങ്ങളിലൂടെ പഠിക്കുന്നതിന്, പരിസ്ഥിതിസ്നേഹം, പരിസ്ഥിതിസംരക്ഷണമനോഭാവം എന്നിവ ഉണ്ടാകുന്നതിന, സ്കൂൾ പരിസരം ആകർഷകമാകുന്നതിന് | ● **ജൈവ വൈവിധ്യ പാർക്ക്, ചിത്രശലഭപാർക്ക്**<br>● പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സസ്യങ്ങൾ ശേഖരിച്ച് സ്കൂൾ പരിസരത്ത് നട്ടുവളർത്തൽ.<br>● സ്കൂൾ പരിസരത്ത് നിലവിലുള്ള സസ്യങ്ങളെ സംരക്ഷിക്കൽ<br>● ചിത്രശലഭങ്ങളെ ആകർഷിക്കുന്ന പ്രത്യേകതരം സസ്യങ്ങൾ നട്ടു വളർത്തി ചിത്രശലഭോദ്യാനം നിർമ്മിക്കൽ<br>● കുട്ടികളുടെ പാർക്ക, ജൈവ വേലി,ഇരിപ്പിടങ്ങൾ, പ്ലേ ഏരിയ എന്നിവ നിർമ്മിച്ച് ശിശുസൗഹൃദപരമാക്കൽ | മേയ്- ഓഗസ്റ്റ് 2018 | എസ്.എം.സി, പ്രധമാദ്ധ്യാപകൻ ശാസ്ത്രാദ്ധ്യാപകർ, | വിദ്യാഭ്യാസ വകുപ്പ് | |
| 5 | ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ തിരിച്ചറിയുന്നു. | ● **രക്ഷാകർത്തൃ ക്ലാസ്സ്**<br>● വിദഗ്ദ്ധ കൗൺസെലർമാരുടെ നേതൃത്വത്തിൽ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ച് രക്ഷാകർത്താക്കൾക്ക് ക്ലാസ്സ്<br>● ടി വിഷയത്തിൽ കുട്ടികളുടെ ചിത്രരചന, പോസ്റ്റർ നിർമ്മാണം, പ്രദർശനം | ഓഗസ്റ്റ് 2018 | എസ്.എം.സി, പ്രധമാദ്ധ്യാപകൻ ശാസ്ത്രാദ്ധ്യാപകർ, | വിദ്യാഭ്യാസ വകുപ്പ് | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 5 | ഗതാഗതനിയമങ്ങൾ അറിയുന്നു. പാലിക്കുന്നു. | • **ചിത്രപ്രദർശനം, ബോധവത്കരണം**<br>• മോട്ടോർവാഹനവകുപ്പ്,പോലീസ് വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഗതാഗതനിയമങ്ങൾ, ട്രാഫിക് സിഗ്നലുകൾ മുതലായവയെക്കുറിച്ച് ക്ലാസ്സ്.<br>• ടി വിഷയത്തിൽ കുട്ടികളുടെ ചിത്രരചന, പോസ്റ്റർ നിർമ്മാണം, പ്രദർശനം | ഓഗസ്റ്റ് 2018 | എസ്.എം.സി, പ്രഥമാധ്യാപകൻ ശാസ്ത്രാധ്യാപകർ. | വിദ്യാഭ്യാസ വകുപ്പ് | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഗണിതപഠനം രസകരമാക്കൽ കരചലന ശേഷികളുടെ വികാസം | • **ഒറിഗാമി പരിശീലനം**<br>• ഗണിതപഠനം രസകരമാക്കുന്നതിന് പേപ്പർ ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നല്കുന്നു<br>• ഗണിതപഠനംആസ്വാദ്യകരമാക്കാനും കരചലന ശേഷികളുടെ വികാസം ഉറപ്പാക്കാനും ഇതിലൂടെ കഴിയുന്നു. | എല്ലാ യു.പി.ക്ലാസ്സുകളിലും വർഷത്തിൽ ഒന്നുവീതം | ഗണിതാദ്ധ്യാപകർ എസ്.ആർ.ജി എസ്.എം.സി | ആവശ്യമില്ല | |
| 2 | ഗണിതപഠനം സുഗമമാക്കാൻ സ്കൂളിൽ ഒരു ഗണിതലാബ് സജ്ജീകരിക്കുക | • **ഗണിതലാബ്**<br>• വിദ്യാലയത്തിലെ ഒരു ക്ലാസ്സ് റൂം ഗണിതലാബായി സജ്ജീകരിക്കൽ<br>• ആവശ്യമായ പഠനോപകരണങ്ങൾ വാങ്ങൽ/തയ്യാറാക്കൽ<br>• പഠനോപകരണങ്ങൾ ലാബിൽ സജ്ജീകരിക്കൽ<br>• ഗണിതക്ലാസ്സുകൾ ഗണിതലാബിൽ വച്ച് നടത്തൽ | ക്രിസ്തുമസ് അവധിക്കാലത്ത് | ഗണിതക്ലബ്ബ് എസ്.ആർ.ജി എസ്.എം.സി | എസ്.എം.സി | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | ക്ലാസ്സുകൾ ഗണിതവത്ക്കരിക്കുന്നതിന്റെ ഭാഗമായി ക്ലാസ്സിൽ ഗണിതമൂല സജ്ജീകരിക്കൽ | • **ഗണിതമൂല**<br>• ക്ലാസ്സുമുറിയുടെ ഒരുഭാഗം ഗണിതമൂലയ്ക്കായി ഒരുക്കുക<br>• ക്ലാസ്സുമുറികളിൽ എപ്പോഴും ആവശ്യമായ സ്കെയിൽ, കോമ്പസ്സ്, മുതലായ ഉപകരണങ്ങൾ സജ്ജീകരിക്കുക. ഓരോ ക്ലാസ്സിലും നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങളിലൂടെ രൂപപ്പെടുത്തുന്ന പഠനോപകരണങ്ങൾ ഗണിതമൂല മെച്ചപ്പെടുത്തുന്നതിന് പ്രയോജനപ്പെടുത്തുക | വേനലവധിക്കാലത്ത് | ഗണിതക്ലബ്ബ്<br>എസ്.ആർ.ജി<br>എസ്.എം.സി | എസ്.എം.സി | |
| 4 | ഗണിതപഠനോപകരണങ്ങൾ നിർമ്മിക്കുന്നതിൽ പരിശീലനം നല്കുകസജ്ജീകരിക്കൽ | • **പഠനോപകരണ നിർമ്മാണം**<br>• ക്ലാസ്സിൽ പഠനാവശ്യത്തിനുപയോഗിക്കുന്ന ഉപകരണങ്ങളും കുട്ടികളുടെ ഗണിതശേഷി വികസിപ്പിക്കാൻ ഉപയോഗിക്കുന്നതുമായ വിവിധ നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതിന് കുട്ടികൾക്ക് പരിശീലനം നല്കുന്നു.<br>• ഇതിൽ പ്രാഗത്ഭ്യമുള്ളവരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു | ടേമിൽ ഒന്നു വീതം | ഗണിതക്ലബ്ബ്<br>എസ്.ആർ.ജി<br>എസ്.എം.സി | എസ്.എം.സി | |
| 5 | സ്കൂളും പരിസരവും ഗണിതവത്ക്കരിക്കുന്നതിന്റെ ഭാഗമായി ഒരു ഗണിതപാർക്ക് നിർമ്മിക്കൽ | • **ഗണിത പാർക്ക് നിർമ്മാണം**<br>• ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നല്കി സ്കൂളും പരിസരവും മോടിപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്.എം.സി.യുടെ സഹായത്തോടെ നടപ്പിലാക്കുന്നു<br>• സ്കൂൾഭിത്തി, മതിലുകൾ എന്നിവയിൽ ഗണിതരൂപങ്ങൾ വരയ്ക്കൽ<br>• സ്കൂൾ ഗ്രൗണ്ടിൽ ഗണിതരൂപങ്ങൾ നിർമ്മിക്കൽ-ഗണിത പാർക്ക് സജ്ജീകരിക്കൽ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ഗണിതക്ലബ്ബ്<br>എസ്.ആർ.ജി<br>എസ്.എം.സി | 3000 രൂ.<br>എസ്.എം.സി | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 6 | ഗണിതപഠനം പ്രായോഗിക ജീവിതത്തിൽ | • **ഫീൽഡ് ട്രിപ്പ്**<br><br>• ഗണിതത്തിന്റെ പ്രായോഗികത പ്രയോജനപ്പെടുത്തുന്നതിന് വിവിധ പ്രവർത്തനങ്ങൾ കുട്ടികളെ ഉൾപ്പെടുത്തി നടത്തുന്നു.<br><br>• സമീപത്തുള്ള തുണിക്കട സന്ദർശിക്കുന്നു. അവിടെ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നു.<br><br>• സൂപ്പർ മാർക്കറ്റ് സന്ദർശിക്കുന്നു.<br>• മനക്കണക്കിനു സാദ്ധ്യതയുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നു<br>• തടിപ്പണി / ഫർണിച്ചർ നിർമ്മാണ കേന്ദ്രം സന്ദർശിക്കുന്നു. | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ | അദ്ധ്യാപകർ, എസ്.എം.സി | | |
| 7 | ഗണിതപഠനത്തിലെ ഐ.സി.റ്റി സാദ്ധ്യത പ്രയോജനപ്പെടുത്തൽ | • **സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം**<br>• ഗണിതപഠനംആയാസരഹിതമാക്കാനും രസകരമാക്കാനും ഐ.സി.റ്റി ഉപകരണങ്ങൾ സജ്ജീകരിച്ച് ഒരു സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നു. ഇതിനാവശ്യമായ ക്രമീകരണങ്ങൾ കമ്പ്യൂട്ടർ ലാബിൽ ക്രമീകരിക്കുന്നു.<br><br>• ഇതിൽ പ്രാഗത്ഭ്യമുള്ളവരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു | ജൂലൈ 2018 | ഗണിതാദ്ധ്യാപകർ | | |

| ക്രമ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 8 | ഗണിതപഠന സാദ്ധ്യത പ്രയോജനപ്പെടുത്തൽ | • **ഗണിത അസംബ്ലി**<br>• ഗണിതശാസ്ത്രജ്ഞർ, പസിലുകൾ, ഗണിത അറിവുകൾഎന്നിവ ഉൾപ്പെടുത്തി മാസത്തിൽ ഒരു ഗണിത അസംബ്ലി നടത്തുന്നു. | ജൂലൈ 2018 | ഗണിതാദ്ധ്യാപകർ | | |
| 9 | ഗണിതപഠന താത്പര്യം വർദ്ധിപ്പിക്കൽ, അറിവ് വർദ്ധിപ്പിക്കൽ | • **ഗണിത ലൈബ്രറി**<br>• സ്കൂൾലൈബ്രറിയിലുള്ള ഗണിതപുസ്തകങ്ങൾ പ്രത്യേകം അലമാരയിൽ ക്രമീകരിക്കുന്നു. കുട്ടികളെത്തന്നെ ലൈബ്രറിയനാക്കി വിതരണം നടത്തുന്നു. വായനാകുറിപ്പ് വാങ്ങി വിലയിരുത്തി നല്കുന്നു | ജൂലൈ 2018 | ഗണിതാദ്ധ്യാപകർ | | |
| 10 | | • **ഗണിത ലൈബ്രറി**<br>• സ്കൂൾലൈബ്രറിയിലുള്ള ഗണിതപുസ്തകങ്ങൾ പ്രത്യേകം അലമാരയിൽ ക്രമീകരിക്കുന്നു. കുട്ടികളെത്തന്നെ ലൈബ്രറിയന്മാരാക്കി വിതരണം നടത്തുന്നു. വായനാകുറിപ്പ് വാങ്ങി വിലയിരുത്തി നല്കുന്നു | | | | |

മേഖല : അക്കാദമികം

ഉപമേഖല : പ്രീ-പ്രൈമറി

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ICT അധിഷ്ഠിത പഠനം | • **ICT അധിഷ്ഠിത പഠനം**<br>• പ്രീ-സ്കൂൾ പഠനത്തിന് സഹായകമായ സോഫ്റ്റ് വെയറുകളുടെയും സോഴ്സുകളുടെയും സഹായത്തോടെ കുട്ടികൾക്ക് പഠനാനുഭവങ്ങൾ ഒരുക്കി നൽകൽ. | വർഷം മുഴുവനും | പ്രീ-പ്രൈമറി ടീച്ചർ | | |
| 2 | കഥകൾ ചിത്രകഥകൾ എന്നിവ പഠനത്തിന് ഉപയോഗിക്കൽ | • കഥ / ചിത്രകഥാ പുസ്തകങ്ങൾ ശേഖരിക്കൽ പ്രീ-സ്കൂൾ പഠനത്തിന് അവ ഉപയോഗിക്കൽ | വർഷം മുഴുവനും | പ്രീ-പ്രൈമറി ടീച്ചർ | | |
| 3 | ബാലകവിതകൾ റൈമുകൾ എന്നിവ പഠനത്തിന് ഉപയോഗിക്കൽ | • ബാലകവിതകൾ,റൈമുകൾ എന്നിവ ശേഖരിക്കൽ പ്രീ-സ്കൂൾ പഠനത്തിന് അവ ഉപയോഗിക്കൽ | വർഷം മുഴുവനും | പ്രീ-പ്രൈമറി ടീച്ചർ | | |